ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 18.01.2025**

## പ്രധാനവാർത്തകൾ

1. വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ സ്ത്രീകൾ നിർണായക പങ്ക് വഹിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് കെ സ്റ്റോറുകളെ വികസിപ്പിക്കുമെന്ന് മന്ത്രി കെ. രാജൻ.

3. കലോത്സവങ്ങൾ മത്സരങ്ങൾക്ക് അതീതമായി സഹകരണം, പഠനം, വളർച്ച എന്നിവയോട് ചേർന്നു നിൽക്കുന്നതാണെന്ന് മന്ത്രി വി. ശിവൻകുട്ടി. 48-ാമത് സംസ്ഥാന ടെക്‌നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന് തിരുവനന്തപുരത്ത് സമാപനം.

4. പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.

5. ഖോ ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകളുടെ സെമിഫൈനൽ അൽപ്പസമയത്തിനകം. ഐഎസ്എലിൽ കേരള ബ്ലാസ്റ്റേഴ്സ് -നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം രാത്രി 7.30 ന്.

************************************

## പ്രധാനമന്ത്രി - സ്വാമിത്വ

സ്വാമിത്വ പദ്ധതിയുടെ കീഴിൽ 65 ലക്ഷത്തിലധികം പ്രോപ്പർട്ടി കാർഡുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ വിതരണം ചെയ്തു. പത്ത് സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 50,000 ത്തിലധികം ഗ്രാമങ്ങളിലെ ഭൂവുടമകൾക്കാണ് അവകാശ രേഖകൾ നൽകിയത്. രാജ്യത്തെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ ചരിത്രപരമായ ദിവസമായി ഇതിനെ പ്രധാനമന്ത്രി വിശേഷിപ്പിച്ചു. വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ സ്ത്രീകൾ നിർണായക പങ്ക് വഹിക്കുമെന്ന് പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

***************************************

## കെ സ്റ്റോർ - കെ രാജൻ

നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് കെ സ്റ്റോറുകളെ വികസിപ്പിക്കുമെന്ന് മന്ത്രി കെ. രാജൻ. തൃശ്ശൂർ സിവിൽ സ്റ്റേഷനിൽ പൊതുവിതരണ കേന്ദ്രത്തിൻറെ കെ- സ്റ്റോർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വിവിധ വകുപ്പുകളെ സിവിൽ സപ്ലൈസ് വകുപ്പുമായി ഏകോപിപ്പിച്ച്, ലഭ്യമായ മൂല്യവർധിത ഉല്പന്നങ്ങൾ കെ-സ്റ്റോറുകൾ വഴി ന്യായവിലയ്ക്ക് വിതരണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

***************************************

## ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം

കലോത്സവം എന്നത് മത്സരങ്ങൾക്ക് അതീതമായി സഹകരണം, പഠനം, വളർച്ച എന്നിവയോട് ചേർന്നു നിൽക്കുന്നതാണെന്ന് മന്ത്രി വി.ശിവൻകുട്ടി. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ നേതൃത്വത്തിൽ തിരുവനന്തപുരം

കുളത്തൂരിൽ നടന്ന 48-ാമത് സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിൻറെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കലോത്സവത്തിൽ 205 പോയിൻറുമായി മലപ്പുറം ഗവ.കൊക്കൂർ ടെക്നിക്കൽ ഹൈസ്കൂൾ ഒന്നാം സ്ഥാനം നേടി. കൊടുങ്ങല്ലൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂൾ രണ്ടാം സ്ഥാനവും ഷൊർണൂർ ഗവ. ടെക്നിക്കൽ ഹൈസ്കൂൾ മൂന്നാം സ്ഥാനവും നേടി.

************************************

## സാങ്കേതിക സർവകലാശാല

സാങ്കേതിക സർവകലാശാലയുടെ പരീക്ഷാ നടത്തിപ്പിലും ഇ-ഗവർണൻസ് കരാറിലും ഗുരുതര ക്രമക്കേടെന്ന് എ.ജി. റിപ്പോർട്ട്. സിൻഡിക്കേറ്റ് മെമ്പർ പി.കെ ബിജു സർവകലാശാലാ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതായും കണ്ടെത്തിയിട്ടുണ്ട്. താത്കാലിക ജീവനക്കാരെ നിയമവിരുദ്ധമായി നേരിട്ട് നിയമിച്ചതായും മുൻ വൈസ് ചാൻസലർ ഡോ. രാജശ്രീയും പ്രൊ വൈസ് ചാൻസലർ ഡോ:അയ്യൂബും നിയമവിരുദ്ധമായി പണം കൈപ്പറ്റിയെന്നും റിപ്പോർട്ടിൽ പറയുന്നു. ഓഡിറ്റ് റിപ്പോർട്ടിലെ വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരമാണ് ലഭ്യമായത്.

RNU TVPM

************************************

## പി രാജീവ്- കിൻഫ്ര - ഇൻട്രോ

വ്യവസായ രംഗത്ത് കേരളം വളരെയേറെ മുന്നേറിയതായി മന്ത്രി പി രാജീവ്. കൊച്ചിയിൽ കിൻഫ്ര ഇൻറർനാഷണൽ കൺവെൻഷൻ സെൻററിൻറെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. വ്യവസായ രംഗത്ത്

കേരളത്തിൻറെ മുഖച്ഛായ മാറ്റുക എന്നത് പ്രധാന വെല്ലുവിളിയായിരുന്നുവെന്നും അത് വിജയകരമായി അതിജീവിക്കാനായെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

************************************

## ഷാരോൺ വധക്കേസ്-വിധി

തിരുവനന്തപുരം പാറശ്ശാല ഷാരോൺ വധക്കേസിൽ ഒന്നാം പ്രതി ഗ്രീഷ്മയുടെയും, മൂന്നാം പ്രതിയായ അമ്മാവൻ നിർമല കുമാറിൻറെയും ശിക്ഷാ വിധിയിൽ കോടതി ഇന്ന് അന്തിമ വാദം കേട്ടു. അപൂർവ്വങ്ങളിൽ അപൂർവ്വമായ കേസായതിനാൽ പരമാവധി ശിക്ഷ നല്കണമെന്നായിരുന്നു പ്രോസിക്യൂഷൻ വാദം. എന്നാൽ ഗ്രീഷ്മയ്ക്ക് 24 വയസ് മാത്രമാണ് പ്രായമെന്നും തുടർ പഠനത്തിന് പോകണമെന്നും കുറഞ്ഞ ശിക്ഷ നല്കണമെന്നുമാണ് പ്രതിഭാഗം വാദിച്ചത്. കേസിൽ ശിക്ഷാവിധി മറ്റെന്നാൾ പുറപ്പെടുവിക്കും.

RNUTVPM

************************************

## ബഡ്സ് സ്കൂൾ കലോത്സവം - എം. ബി രാജേഷ്

ജില്ലാ- സംസ്ഥാന തല കലോത്സവങ്ങളിലൂടെ ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്ക് അവരുടെ കഴിവുകളെ പ്രകടിപ്പിക്കാനുള്ള മികച്ച അവസരമാണ് ലഭിക്കുന്നതെന്ന് മന്ത്രി എം.ബി. രാജേഷ്. ബഡ്സ് സ്കൂൾ കലോത്സവത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച പാലക്കാട് തൃത്താല ഗ്രാമപഞ്ചായത്ത് ബഡ്സ് റിഹാബിലിറ്റേഷൻ മുടവന്നൂർ സെൻററിലെ വിദ്യാർത്ഥികൾക്ക് അനുമോദനവും സ്കൂളിൻറെ വാർഷികാഘോഷവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കലോത്സവത്തിൽ

വിജയികളായവർക്കും അധ്യാപകർക്കുമുള്ള ട്രോഫികൾ മന്ത്രി വിതരണം ചെയ്തു.

************************************

**പീച്ചി ഡാം അപകടം**

പീച്ചി ഡാം റിസർവോയറിൽ മൂന്ന് പെൺകുട്ടികൾ മരിക്കാൻ ഇടയായ സാഹചര്യം സംബന്ധിച്ച് ബാലാവകാശ കമ്മീഷൻ അവലോകന യോഗം നടത്തി. അപകട സ്ഥലം കമ്മീഷൻ അംഗങ്ങൾ സന്ദർശിക്കുകയും സുരക്ഷാ പ്രശ്നങ്ങൾ പരിശോധിക്കുകയും ചെയ്തു. തൃശ്ശൂർ ചിൽഡ്രൻസ് ഹോമിലെ അന്തേവാസിയായ കുട്ടി കൊല്ലപ്പെടാനുണ്ടായ സാഹചര്യവും കമ്മീഷൻ പരിശോധിച്ചു.

************************************

RNU TVPM

**ആർ ജി കർ**

കൊൽക്കത്ത ആർ ജി കർ മെഡിക്കൽ കോളേജിൽ ജൂനിയർ ഡോക്ടർ പീഡനത്തിനിരയായി കൊല്ലപ്പെട്ട കേസിൽ പ്രതി സഞ്ജയ് റോയി കുറ്റക്കാരനെന്ന് കോടതി. കൊൽക്കത്ത സീൽദായിലെ അഡീഷണൽ ജില്ലാ സെഷൻസ് കോടതിയുടേതാണ് വിധി. ശിക്ഷ തിങ്കളാഴ്ച വിധിക്കും. കഴിഞ്ഞ വർഷം ഓഗസ്റ്റ് 9 നായിരുന്നു കേസിനാസ്പദമായ സംഭവം.

************************************

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ

രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 118-ാാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. അതിനു ശേഷം മലയാളം പരിഭാഷയും ഉണ്ടാകും. ദൂരദർശനിലും പരിപാടി ലഭ്യമാകും.

************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ **നല്ല വാർത്ത** എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

************************************

## കാട്ട് കൂർക്ക - ഇൻട്രോ

മറയൂർ മലനിരകളിൽ വിളയുന്ന കാട്ട് കൂർക്കയ്ക്ക് ഈ സീസണിൽ റെക്കോഡ് വിൽപ്പന. 307.697 ടൺ കൂർക്കയാണ് ഇത്തവണ വിറ്റത്. കൂർക്ക വില്പനയിലൂടെ മാത്രം 1.50 കോടി രൂപയുടെ വരുമാനം ഗോത്ര സമൂഹത്തിന് ലഭിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയ്സ്)

************************************

RNU TVPM

## ഖോ ഖോ ലോകകപ്പ്

ന്യൂഡൽഹിയിൽ നടക്കുന്ന ഖോ ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകളുടെ സെമിഫൈനൽ മത്സരം ഇന്ന്. ദക്ഷിണാഫ്രിക്കയാണ് ഇരു ടീമുകളുടെ എതിരാളി. വനിതകളുടെ മത്സരം രാത്രി എഴ് മണിക്കും പുരുഷന്മാരുടെ മത്സരം 8.15 നുമാണ്.

************************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഹൈദരാബാദ് എഫ് സി – ബെംഗളൂരു എഫ് സി മത്സരം പുരോഗമിക്കുന്നു. ഹൈദരാബാദിലാണ് മത്സരം. ഇന്ന് 7.30 ന് കൊച്ചിയിൽ നടക്കുന്ന മറ്റൊരു മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് - നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. മത്സരത്തിൻറെ ഭാഗമായി കൊച്ചി മെട്രോ സർവീസ് രാത്രി 11 മണിവരെ ദീർഘിപ്പിച്ചു. ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും സർവീസ് ഉണ്ടാകും.

RNUTVPM

************************************

## എൻ എം വിജയൻ ആത്മഹത്യ

വയനാട് ഡി സി സി ട്രഷറർ എൻ എം വിജയൻ ആത്മഹത്യ ചെയ്ത കേസിൽ കുറ്റാരോപിതരായ കോൺഗ്രസ് നേതാക്കൾക്ക് മുൻകൂർ ജാമ്യം ലഭിച്ചു. ഐ സി ബാലകൃഷ്ണൻ എം എൽ എ, ഡി സി സി പ്രസിഡൻറ് എൻ ഡി അപ്പച്ചൻ, കെ കെ ഗോപിനാഥൻ എന്നിവർക്കാണ് മുൻകൂർ ജാമ്യം ലഭിച്ചത്. ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയുടേതാണ് വിധി.

************************************

## മകരവിളക്ക് - ഇൻട്രോ

മകരവിളക്ക് ഉത്സവത്തിന്റെ അഞ്ചാം ദിനമായ ഇന്നും സന്നിധാനത്ത് തിരക്ക് തുടരുന്നു. നാളെ വരെയാണ് തീർഥാടകർക്ക് ദർശനം നടത്താനാകുക. 20ന് ഉത്സവത്തിന് സമാപനം കുറിച്ച് നടയടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ...**

(വോയ്സ്)

************************************

## വി മുരളീധരൻ - ബ്രൂവറി

ബ്രൂവറിയ്ക്ക് അനുമതി നൽകിയതുമായ ബന്ധപ്പെട്ട വിവാദങ്ങളിൽ സംസ്ഥാന സർക്കാർ വ്യക്തത വരുത്തണമെന്ന് മുൻ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

******************************************************

************************************

**********************

RNU TVPM